നം.കെ.എസ്.എ.പി.റ്റി.എ.പി5/1534/2018 തീയതി: 13.12.2018

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -ാം വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 23.06.2017 മുതൽ 06.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) |
| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
| 07.11.2018 മുതൽ 23.11.2018 വരെ | ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(12.11.2018 മുതൽ) |
| | ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശ്രീകുമാർ.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി കല അജിത്ത് | 1.4.2017മുതൽ 31.3.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ജയരാജ് | 01.04.2017മുതൽ 15.06.2017 വരെ |
| ശ്രീ. സുനിൽ വി അബ്ബാസ് | 16.06.2017മുതൽ 03.10.2017വരെ |
| ശ്രീ. കൃഷ്ണകുമാർ സി എസ്സ് | 04.10.2017മുതൽ 05.11.2017 വരെ |
| ശ്രീ. സുനിൽ വി അബ്ബാസ് | 06.11.2017 മുതൽ 14.03.2018 വരെ |
| ശ്രീ. കൃഷ്ണകുമാർ സി എസ്സ് | 15.03.2018 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. റെസീപ്റ്റ് ആന്റ് പേയ്മെന്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. ബാലൻസ് ഷീറ്റ്- 2017-18

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ. സി. ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | സാംഖ്യ രസീതുകൾ, മാന്വൽ രസീതുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 14 | ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച തുക ഒടുക്കു വരുത്തുന്നതിൽ കാലതാമസം ഉണ്ടായി | 2-2 |
| 15 | ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 16 | തൊഴിൽ നികുതി | 2-4 |
| 17 | ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 18 | ടെണ്ടർ ഫീസ് തിരികെ ലഭിച്ചിട്ടില്ല | 2-6 |
| 19 | ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 2-7 |

| | | |
|---|---|---|
| | ഭാഗം-3 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | ആഫ്രിക്കൻ ഒച്ച് നിയന്ത്രണം - മാർഗ്ഗരേഖാ വിരുദ്ധമായി സബ്സിഡി അനുവദിച്ചു | 3-1 |
| 21 | ടെണ്ടർ ക്ഷണിക്കാതെ KAICOയിൽ നിന്നും കാർഷിക ഉല്പന്നങ്ങൾ വാങ്ങി | 3-2 |
| 22 | നെൽ കൃഷി-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു | 3-3 |
| 23 | പച്ചക്കറി നഴ്സറി-പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല | 3-4 |
| 24 | മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ | 3-5 |
| 25 | എഗ്രിമെന്റ് വച്ചിട്ടും നാളിതു വരെ മരാമത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 3-6 |
| 26 | ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ് വാങ്ങൽ-ക്വട്ടേഷനുകൾ സുതാര്യമല്ല | 3-7 |
| 27 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പദ്ധതി അപാകതകൾ | 3-8 |
| 28 | വെള്ളക്കരം - തനത് ഫണ്ട് ചോർച്ച | 3-9 |
| 29 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം | 3-10 |
| 30 | സാക്ഷരതാമിഷനിൽനിന്നും തിരികെ ലഭിക്കാനുള്ളത് 1.68 ലക്ഷം രൂപ | 3-11 |
| 31 | ആസ്തി സംരക്ഷണത്തിൽ വീഴ്ച | 3-12 |
| 32 | മുൻകൂറായി 11.5 ലക്ഷം രൂപ നൽകിയെങ്കിലും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചിട്ടില്ല | 3-13 |
| 33 | ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ ശേഷിക്കുന്നത് 14.29 ലക്ഷം രൂപ | 3-14 |
| 34 | ആശ്രയ പദ്ധതി-രണ്ടാം ഘട്ട പ്രവർത്തനം ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിലൊതുങ്ങി | 3-15 |
| 35 | ODF പ്രോഗ്രാം- ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ച 17.40 ലക്ഷം രൂപ നാളിതുവരെ ഉപയോഗിച്ചില്ല | 3-16 |
| | ഭാഗം-4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിവരം | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 39 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപം | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 43 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 15.03.2017 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 25.03.2017ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 28.08.2018 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 13893815 | 12030481 | | 1863334 |
| വരവ് | 100436282 | 59769159 | | 40667123 |
| ആകെ | 114330097 | 71799640 | | 42530457 |
| ചെലവ് | 111982215 | 62399701 | | 49582514 |
| നീക്കിയിരിപ്പ് | 2347882 | 9399939 | 7052057 | |

സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ എന്നിവർ തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റ് , അംഗീകരിച്ച വാർഷിക പദ്ധതി എന്നിവ സംയോജിപ്പിച്ചും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പരിഗണിച്ചും വേണ്ടിയിരുന്നു ബജറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതായി കാണുന്നില്ല.

നടപടികൾ കൃത്യമായി പാലിക്കാതെ ബജറ്റ് തയ്യാറാക്കിയത് മൂലം ബജറ്റ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 04.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2017-18 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ പരാമർശിച്ച് 12.07.2018 ലെ കെ.എസ്.എപിറ്റിഎ/പി5 /710/2018 -ാം നമ്പർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 12030481 |
| വരവ് | 59769159 |
| ആകെ | 71799640 |
| ചെലവ് | 62399701 |
| നീക്കിയിരിപ്പ് | 9399939 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11980631 | 11980631 | 6375519 | 5605112 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9971727 | 9971727 | 5434840 | 4536887 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18693122 | 18693122 | 9320468 | 9372654 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4159525 | 4159525 | 2532268 | 1627257 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7433011 | 7433011 | 5187173 | 2245838 |
| കെ.എൽ.എസ്. ജി.ഡി.പി | 0 | 621811 | 621811 | 619906 | 1905 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 4113022 | 7147624 | 11260646 | 7962119 | 3298527 |
| എസ്.ബി.റ്റി ലിറ്ററസി | 376622 | 13185 | 389807 | 24000 | 365807 |
| എൻ. ആർ. ഇ. ജി.എസ് | 3651 | 520450 | 524101 | 519580 | 4521 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | | 1122500 | 1122500 | 1001999 | 120501 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *ഭാഗികമായി നടപ്പാക്കിയത്* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|---|---|
| 2017-18 | 202 | 59424955 | 146 | 31942007 | - | 56 | 72.28 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ റോഡിന്റെ മൊത്തത്തിലുള്ള ദൂരത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
2. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യം വരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച തീർക്കുകയും ചെയ്യുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നു.
3. മൃഗസംരക്ഷണ മേഖലയിലെ ഭൂരിഭാഗം പ്രോജക്ടുകളിലും നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
4. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
6. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | *നടപ്പാക്കിയ പ്രോജക്ടുകൾ* |
|---|---|---|

| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉല്പാദനം | 22 | 7151012 | 18 | 2025141 | 28.32 |
| സേവനം | 71 | 22998123 | 49 | 13443714 | 58.46 |
| പശ്ചാത്തലം | 109 | 29275820 | 79 | 16473152 | 56.27 |
| ആകെ | 202 | 59424955 | 146 | 31942007 | 53.75 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 9 | 4198720 | 2270673 | 54.08 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 2225000 | 460000 | 20.67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 86 | 32138685 | 16767628 | 52.17 |
| വി.ഇ.ഒ | 12 | 10 | 7515600 | 4096192 | 54.5 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 7 | 6 | 2075000 | 1994769 | 96.13 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 450000 | 450000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 225000 | 224958 | 99.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4 | 3305600 | 2086916 | 63.13 |
| കൃഷി ഓഫീസർ | 10 | 9 | 2481350 | 888400 | 35.8 |
| വെറ്ററിനറി സർജൻ | 6 | 6 | 2317000 | 600500 | 25.92 |
| എച്ച്.എം, ഗവ. എൽപിഎസ് | 8 | 7 | 2093000 | 1701971 | 81.32 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 400000 | 400000 | 100 |
| ആകെ | 202 | 146 | 59424955 | 31942007 | 53.75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3651 | 520450 | 524101 | 519580 | 4521 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4793649 | 4793649 | 4793649 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 35000 | 35000 | 35000 | 0 |
| ആകെ | 3651 | 5349099 | 5352750 | 5348229 | 4521 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്രമ നം. | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | 2017-18 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 352 | 4169400 | 6 | 6 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | വിധവാ പെൻഷൻ | 594 | 7083500 | 39 | 39 | 2 |
| 3 | വികലാംഗ പെൻഷൻ | 192 | 2343600 | 10 | 10 | 0 |
| 4 | വാർദ്ധക്യകാല പെൻഷൻ | 1709 | 21782700 | 179 | 179 | 27 |
| 5 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 19 | 164800 | 1 | 1 | 0 |
| 6 | തൊഴിൽ രഹിത വേതനം | 12 | 7680 | 0 | 0 | 0 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018 4.00 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 4927(നാലായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ (ഡി.ബി.) 13.01.2010ലെ 58608/ഡി.ബി2/09 ഉത്തരവ് പ്രകാരം ഓരോ സാമ്പത്തികവർഷത്തിന്റെയും ആരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിക്കുകയും അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അത് കാലികമാക്കി കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2)ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രജിസ്റ്റർ

രജിസ്റ്റർ പൂർണ്ണമല്ല. വാർഷിക കണക്കിലെ തുകകളും രജിസ്റ്ററിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല. വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്ത പ്രോജക്ടുകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരണ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

3)തെരുവ് വിളക്കുകളുടെ രജിസ്റ്റർ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ഗണ്യമായ തുക തെരുവുവിളക്കുകളുടെ പരിപാലനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. വാങ്ങുന്ന വിളക്കുകൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും അൺസർവ്വീസബിൾ ആയ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഇല്ല. രണ്ട് രജിസ്റ്ററുകളും തയ്യാറാക്കേണ്ടതും രജിസ്റ്ററിലെ വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും പ്രസ്തുത കണക്കുകളെ ആധാരമാക്കി മാത്രം ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ വാങ്ങേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.11.2018 മുതൽ 07.11.2018 വരെ | 07/2018-10/2018 | 09.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2018 മുതൽ 26.06.2018വരെ | 2013-14 മുതൽ 2017-18 വരെ | 26.07.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ ബി-18 ഷെഡ്യൂൾ പ്രകാരം കെ എസ് ഇ ബിയിൽ 1873195 രൂപയും വാട്ടർ അതോറിറ്റിയിൽ 653445 രൂപയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ടി തുകകൾ രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രസീതുകൾ, മാന്വൽ രസീതുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

(1) ഒരു സാമ്പത്തിക വർഷം നികുതി പിരിവിനായി വിതരണം ചെയ്യുന്ന രസീതുബുക്കുകൾ ആ സാമ്പത്തിക വർഷത്തേക്ക് മാത്രമേ ഉപയോഗിക്കാവൂ. അധികം വരുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം വിതരണം ചെയ്ത 38713-ാം നമ്പർ രസീതുബുക്കിലെ 52മുതൽ 87 വരെ രസീതുകൾ ഉപയോഗിച്ച് 2017-18 സാമ്പത്തിക വർഷം നികുതി പിരിവ് നടത്തിയിട്ടുണ്ട്. പിരിച്ച പണം അതാത് ദിവസങ്ങളിൽ തന്നെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. നടപടി ക്രമങ്ങളിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

(2)ശ്രീ.ചെറിയാൻ ഫിലിപ്പ്, പൊന്നമ്മ എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ(വാർഡ് നമ്പർ 7 കെട്ടിടനമ്പർ 237) വസ്തുനികുതിയായ 689രൂപയുടെ സാഖ്യ രസീത് (സാഖ്യ രസീത് നമ്പർ 117050102606) 09.11.2017ൽ ഫ്രണ്ട് ഓഫീസിൽ പ്രിന്റ് ചെയ്യുകയും പിന്നീട് ആ രസീത് ക്യാൻസൽ ചെയ്യുകയും ചെയ്തു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ വാർഡ് നമ്പർ 7 ലെ 237-ാം നമ്പർ കെട്ടിടത്തിന്റെ ഡിമാന്റ് പരിശോധിച്ചപ്പോൾ ക്യാൻസൽ ചെയ്ത മേൽ പറഞ്ഞ രസീതിലെ തുക കളക്ഷനായി വന്നിട്ടുണ്ട്. യഥാർത്ഥത്തിൽ പഞ്ചായത്തിന് പണം ലഭിക്കാതെ തന്നെ സോഫ്റ്റ് വെയറിൽ ഡിമാന്റ് കുറയുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ട്. ആയത് സോഫ്റ്റ് വെയറിൽ പിന്നീട് പരിഹരിക്കപ്പെട്ടിട്ടുമില്ല. സോഫ്റ്റ് വെയറിലെ പിഴവ് പരിഹരിക്കേണ്ടതാണ്.

## 2-2 ഗുണഭോക്തൃവിഹിതം-പിരിവ് തുക 74 ദിവസം കഴിഞ്ഞ് ഒടുക്കു വരുത്തി-താത്ക്കാലിക പണാപഹരണം

വെറ്റിനറി സർജന് അനുവദിച്ചിരുന്ന രസീത് ബുക്ക് നമ്പർ 38560ന്റെ 58 മുതൽ 66 വരെയുള്ള രസീതുകൾ ഉപയോഗിച്ച് ഗുണഭോക്തൃവിഹിതമിനത്തിൽ 24.11.2017 ന് പിരിച്ച 67000രൂപയിൽ 59000 രൂപ മാത്രമാണ് അന്നേ ദിവസം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയത് (24.11.2017 ലെ സാംഖ്യ രസീത് നമ്പർ 117050102977പ്രകാരം). ബാക്കി തുകയായ 8000 രൂപ 8.02.2018ൽ മാത്രമാണ് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയത്(8.02.2018ലെ സാഖ്യ രസീത് നമ്പർ 117050104436പ്രകാരം). കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ അനുഛേദം 7പ്രകാരവും 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടത്തിലെ റൂൾ 23പ്രകാരവും ഒരു ഉദ്യോഗസ്ഥൻ കാഷ്, മണിയോഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവ്യത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്നും പിരിച്ച പണം 74ദിവസങ്ങൾക്ക് ശേഷമാണ് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയത്. ഫ്രണ്ട് ഓഫീസ് കൗണ്ടറിന്റെ ചുമതലയുണ്ടായിരുന്ന ജീവനക്കാരനും കളക്ഷൻ തുകയിൽ കുറവ് വന്നത് ശ്രദ്ധിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/19.11.2018) വെറ്റിനറി സർജനിൽ നിന്നും ലഭിച്ച മറുപടിയിൽ "ആശുപത്രിയിലെ ജോലിത്തിരക്കു കാരണം തുക കണക്കുകൂട്ടി എഴുതിയതിൽ തെറ്റു പറ്റിയതാണ്" എന്നും “08.02.2018 ൽ പഞ്ചായത്തിലെ അക്കൗണ്ടന്റ് തെറ്റ് ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമാണ് പണം ഒടുക്ക് വരുത്തുന്നതിൽ കുറവുണ്ടായ വിവരം അറിയുന്നത് " എന്നുമാണ്. പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കളക്ഷൻ തുക യഥാസമയം ഒടുക്കാതിരിക്കുന്നത് താൽക്കാലിക പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ വീഴ്ച ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ.തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഇതനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് അയച്ചുവെങ്കിലും ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല. പുനർനിർണ്ണയിച്ച വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി | കുടിശ്ശിക |
|---|---|---|---|
| 3/10B | ബി.എസ്.എൻ.എൽ | 3933 | 19665 |
| 6/85A | ബി.എസ്.എൻ.എൽ | 6548 | 35461 |
| 8/55B | ബി.എസ്.എൻ.എൽ | 3718 | 18590 |
| 12/432B | ബി.എസ്.എൻ.എൽ | 3208 | 16040 |
| 6/170A | ഇൻഡസ് ടവർ | 13974 | 27950 |
| ആകെ | | | 117706 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ

ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നത്.

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 666 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇതിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 184എണ്ണം മാത്രമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും മാത്രമേ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും അതിലെ ജീവനക്കാരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>എ)വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നില്ല</u>

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലെയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ.ഡി & ഒ ലൈസൻസ് അപേക്ഷ പരിശോധിക്കുമ്പോൾ 2-ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് മൂലം പഞ്ചായത്തിലെ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. അപാകത പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>ബി)മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. പേര് വിവരം ചുവടെ ചേർക്കുന്നു.

(1) വിനീതകുമാർ, ചെറുവള്ളിൽ ഹൗസ്, മാത്തൂർ

(2) സുനിൽ കുമാർ പി.കെ, പ്ലാവിൽകുന്നതിൽ, മുട്ടത്തുകോണം പി.ഒ

(3) വർഗ്ഗീസ് കെ.എ, കല്ലൻകുട്ടതിൽ, പ്രക്കാനം

(4) ഷെജി തോമസ്, ഊന്നുകൽ

(5) സന്തോഷ് കുമാർ, മേലതിൽ ഹൗസ്, പ്രക്കാനം

(6)ജിജി വർഗ്ഗീസ്, ഊന്നുകൽ

(7)മധുസൂദനൻ നായർ, തിരുവാതിര, പ്രക്കാനം

(8)മധുസൂദനൻ നായർ, വിജയപുരം, പ്രക്കാനം

(9)സജി മാത്യു, കളങ്ങര ഹൗസ്, പ്രക്കാനം

(10)ഗോപാലകൃഷ്ണപിള്ള, മാലൻ ചേരിക്കൽ, മുട്ടത്തുകോണം

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>സി)അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നു</u>

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഷാലോം പബ്ളിക്ക് സ്കൂൾ മാത്തൂർ, പത്തനംതിട്ട പബ്ളിക്ക് സ്കൂൾ ഊന്നുകൽ, എസ്. എൻ. പബ്ളിക്ക് സ്കൂൾ ചെന്നീർക്കര എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്.മേൽപറഞ്ഞ സ്ഥാപനങ്ങൾ സി.ബി.എസ്.ഇ-യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. മിക്ക അധ്യാപകരുടേയും തൊഴിൽ നികുതി 180 രൂപയാണ്. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതു മൂലമാണ് പഞ്ചായത്തിനും നികുതി നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്.

നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ./ഐ.സി.എസ്.സി. സ്കൂളുകളിലെ അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ.-യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. കോടതി വിധി പാലിക്കാതിരിക്കുന്നത് കോടതിയലക്ഷ്യവും സർക്കാർ ഉത്തരവ് പാലിക്കാതിരിക്കുന്നത് ഗുരുതര വീഴ്ചയാണെന്നും സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 666 കെട്ടിടങ്ങൾ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ / പേര് | വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1-മുട്ടത്തുക്കോണം | 49 | 17 |
| 2-എടനാട് | 48 | 12 |
| 3-പ്രക്കാനം | 48 | 9 |
| 4-മുട്ടുകുടുക്ക | 39 | 8 |
| 5-ഉമ്മിണിക്കാവ് | 48 | 19 |
| 6-വെട്ടോളിമല | 38 | 12 |
| 7വലുത്തറ | 67 | 19 |
| 8-മഞ്ഞനിക്കര | 13 | 1 |
| 9-മാത്തൂർ | 62 | 18 |
| 10-മുറിപ്പാറ | 81 | 17 |
| 11-അമ്പലക്കടവ് | 65 | 20 |
| 12-ചെന്നീർക്കര | 27 | 7 |
| 13-ഊന്നുകൽ | 70 | 17 |
| 14-നല്ലാണിക്കുന്ന് | 11 | 8 |
| ആകെ | 666 | 184 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 666 കെട്ടിടങ്ങളിൽ 2017-18 സാമ്പത്തികവർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 184എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകെയുള്ള വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന 666 കെട്ടിടങ്ങളിൽ ഏകദേശം 28% സ്ഥാപനം മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്താത്തതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവയിൽ ഗണ്യമായ കുറവ് സംഭവിക്കാൻ സാഹചര്യം ഉണ്ടാകുന്നു. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിലും തനത് ഫണ്ട് സമാഹരിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തുള്ള ഇടപെടൽ ഉണ്ടാകേണ്ടതും പുരോഗതിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-6 ടെണ്ടർ ഫീസ് തിരിക ലഭിച്ചിട്ടില്ല

28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി. ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ പഞ്ചായത്ത് അക്കൗണ്ടിൽ

ക്രഡിറ്റ് ചെയ്തിട്ടില്ല. 2015-16, 2016-17 വർഷങ്ങളിലും പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ചിട്ടുള്ള തുക തിരികെ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രവൃത്തികളുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | തിരികെ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | 2015-16 | 6 | 15365 | 0 | 15365 |
| 2 | 2016-17 | 1 | 1600 | 0 | 1600 |
| 3 | 2017-18 | 6 | 9200 | 0 | 9200 |
| ആകെ | | | | | 26165 |

ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുക തിരികെ വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

പൊതുജനങ്ങളിൽ വായനാശീലം വളർത്തി അവരിലേക്ക് പുത്തൻ അറിവുകൾ പകർന്ന് നൽകി നാടിന്റെ സമസ്ത മേഖലകളിലുമുള്ള പുരോഗതി ലക്ഷ്യമിടുന്ന ഒരു സംരംഭമായിരിക്കണം വായനശാല. എന്നാൽ ചെന്നീർക്കര ഗ്രാമപഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൽ സ്ഥിതി ചെയ്യുന്ന ലൈബ്രറി ജനപങ്കാളിത്തത്തോടെ പ്രവർത്തിച്ച് പോകുന്നില്ല എന്ന് ലൈബ്രറി ബുക്കുകളുടെ ഇഷ്യൂ രജിസ്റ്ററും അഡ്മിഷൻ രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ലൈബ്രറിയുടെചുറ്റുപാടും കാട് കയറികിടക്കുകയാണ്. ലൈബ്രറിയിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങളില്ല. ലൈബ്രറിയ്ക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. ഈ സ്ഥാപനത്തിൽ 03.10.1998 മുതൽ ലൈബ്രേറിൻ തസ്തികയിൽ ഒരാൾ നിയമിതനായിട്ടുണ്ട്. അംഗങ്ങളിൽ നിന്നും ഈടാക്കുന്ന വരിസംഖ്യയും പ്രവേശനഫീസും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്. ലൈബ്രറിയുടെ ആരംഭ കാലത്തുള്ള ബൈലോയാണ് നിലവിലും ഉപയോഗിക്കുന്നത്. ബൈലോ പരിഷ്കരിച്ച് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈബ്രറിയിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങളൊരുക്കുന്നതിനും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും ലൈബ്രറിയിലെ ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആഫ്രിക്കൻ ഒച്ച് നിയന്ത്രണം - മാർഗ്ഗരേഖാ വിരുദ്ധമായി സബ്സിഡി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര് | ആഫ്രിക്കൻ ഒച്ച് നിയന്ത്രണം |
| പ്രോജക്ടിന്റെ നമ്പർ | S0008/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 100000 |
| ചെലവ് | 50000 |
| ബിൽ നമ്പർ/തീയതി, തുക | 13/17-18 / 27.03.2018, 50000 |

കൃഷിയെ ബാധിക്കുന്ന കീടങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയിൽ കൂലിച്ചെലവ് ഉൾപ്പെടെ ചെലവിന്റെ 75% ഗ്രാമപഞ്ചായത്തും 25% ഗുണഭോക്താവും വഹിക്കണം എന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നത്.

ചെന്നീർക്കര പഞ്ചായത്തിലെ പല വാർഡുകളിലും ആഫ്രിക്കൻ ഒച്ചിന്റെ ആക്രമണം മൂലം വ്യാപകമായി കൃഷി നശിക്കുന്ന സാഹചര്യത്തിലാണ് പഞ്ചായത്ത് മേൽ പറഞ്ഞ പ്രോജക്ടിന് രൂപം നൽകിയത്. പ്രോജക്ടിൽ തുരിശ് തളിക്കുന്നതിനും അതിനുള്ള കൂലിച്ചെലവിനുമായാണ് തുക വകയിരുത്തിയിരുന്നത്. വികസനഫണ്ടിൽ നിന്നും 50000രൂപയും ഗുണഭോക്തൃവിഹിതമായി 50000രൂപയും ചേർത്ത് 100000 രൂപയായിരുന്നു അടങ്കൽ. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി "കർഷക സുരക്ഷ കർമ്മസേന കോന്നി" എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയത്. ഈ സ്ഥാപനം 23.03.2018-ൽ ലഭ്യമാക്കിയ ചെലവ് രേഖ പ്രകാരം ആഫ്രിക്കൻ ഒച്ചുകളെ നശിപ്പിക്കുന്നതിനാവശ്യമായ വസ്തുക്കളുടെ വിലയും വാഹനവാടകയും സ്പ്രേയറിന്റെ വാടകയും മരുന്ന് തളിക്കാൻ ആവശ്യമായ കൂലിച്ചെലവും ചേർന്ന് 50000 രൂപ ചെലവ് വന്നതായാണ് കാണിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൂലിച്ചെലവ് ഉൾപ്പെടെ ചെലവിന്റെ 75% മാത്രമേ ഗ്രാമപഞ്ചായത്ത് വഹിക്കാവൂ.

എന്നാൽ മേൽ പറഞ്ഞ പ്രോജക്ടിൽ ആകെ ചെലവായ50000രൂപ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് തുക ചെലവഴിച്ചത്. മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/14.11.8) കൃഷിഓഫീസർ നൽകിയ മറുപടിയിൽ കർഷകരുടെ പറമ്പിലെ കാട് വെട്ടിതെളിച്ചതിന് ശേഷമാണ് ഒച്ചിനെ നിയന്ത്രിക്കുന്നതിനുള്ള മരുന്ന് തളിച്ചതെന്നും കാട് വെട്ടിതെളിച്ചത് "കർഷക സുരക്ഷ കർമ്മസേന കോന്നി" എന്ന സ്ഥാപനത്തിനു മുഖാന്തിരമാണെന്നും അതിന് ചെലവായ തുക കർഷകർ നേരിട്ട് വഹിക്കുകയായിരുന്നു എന്നുമാണ്. എന്നാൽ പ്രോജക്ടിൽ കാട് വെട്ടിതെളിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. കൃഷി ഓഫീസർ നൽകിയ മറുപടിയിൽ മാത്രമാണ് കാട് വെട്ടിതെളിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഉള്ളത്. കർഷകർ ചെലവ് വഹിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 3-2 ടെണ്ടർ ക്ഷണിക്കാതെ KAICOയിൽ നിന്നും കാർഷിക ഉല്പന്നങ്ങൾ വാങ്ങി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്ടിന്റെ പേര് | കിഴങ്ങ് കൃഷി |
| പ്രോജക്ടിന്റെ നമ്പർ | S00058/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 125700 |
| ബിൽ നമ്പർ/തീയതി | 1/2017-18 / 28.10.2017 |
| ബിൽ തുക | 75000 |

മേൽ പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിക്കാതെ KAICOയിൽ നിന്നും കാർഷിക വിളകളായ കാച്ചിൽ, ചേന, ചേമ്പ് എന്നിവ വാങ്ങിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/14.11.8) കൃഷി ഓഫീസർ നൽകിയ മറുപടിയിൽ സ്ഥാപനത്തിൽ നിന്നും കാർഷിക യന്ത്രോപകരണങ്ങൾ വരെ ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങാൻ സർക്കാർ ഉത്തരവ് ഉണ്ടെന്ന് അറിയിച്ചുവെങ്കിലും കാർഷിക വിളകളായ കാച്ചിൽ, ചേന, ചേമ്പ് എന്നിവ ക്വട്ടേഷൻ ക്ഷണിക്കാതെ കെയ്കോയിൽ നിന്ന് വാങ്ങാമെന്നുള്ളതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. കെയ്ക്കോയിൽ നിന്നും കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് മാത്രമാണ് സർക്കാർ സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 9.23 ഇളവ് ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 നെൽ കൃഷി-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്ടിന്റെ പേര് | നെൽ കൃഷി വികസനം |
| പ്രോജക്ടിന്റെ നമ്പർ | S0001/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 723250(300000-വികസനഫണ്ട്+295750-ഗുണഭോക്തൃ വിഹിതം+127500-ബ്ലോക്ക് വിഹിതം |
| ചെലവ് | 402000 |
| ബിൽ നമ്പർ / തീയതി, തുക | 12/17-18 / 29.01.2018, 300000 |
| ബ്ലോക്ക് വിഹിതം, ചെക്ക് നമ്പർ/തീയതി | 102000, 2967687/20.03.2018 |

പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട 16 ഹെക്ടർ നിലത്തിൽ നെൽകൃഷി നടത്തുന്നതിനു വേണ്ടിയായിരുന്നു പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ടിൽ ഗുണഭോക്താക്കൾ പഞ്ചായത്ത് പ്രദേശത്തെ സ്ഥിര താമസക്കാരായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഓരോ പ്രവർത്തനങ്ങൾക്കും വകയിരുത്തിയിരിക്കുന്ന തുക ചുവടെ ചേർക്കുന്നു.

| പ്രവർത്തനയിനം | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം സ്വയം വഹിക്കുന്നത് | ബ്ലോക്ക് വിഹിതം | ആകെ | ചെലവ് |
|---|---|---|---|---|---|
| നെൽവിത്ത് | 48000 | 0 | | 48000 | 42000 |

| | | | | | |
|---|---|---|---|---|---|
| നിലമൊരുക്കൽ | 127500 | 24000 | 127500 | 495000 | 204000 |
| കുമ്മായം | 56250 | 15000 | | 71250 | 56250 |
| രാസവളം | 27000 | 27000 | | 54000 | 41250 |
| ജൈവവളം | 41250 | 13750 | | 55000 | 58500 |
| ആകെ | 300000 | 295750 | 127500 | 723250 | 402000 |

16 ഹെക്ടർ നിലത്തിൽ നെൽകൃഷി നടത്തുന്നതിനുവേണ്ടിയായിരുന്ന പ്രോജക്ട്. എന്നാൽ12 ഹെക്ടറിൽ മാത്രമാണ് നെൽകൃഷി ചെയ്തത്. നെൽകൃഷി ചെയ്ത 16 ഗുണഭോക്താക്കൾക്കായി 402000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിലം ഒരുക്കുന്നതിന് ഹെക്ടറിന് 17000രൂപയാണ്(പരമാവധി 30000 രൂപ) സബ്സിഡി നൽകാവുന്നത്. 13-ാംസബ്സിഡി മാർഗ്ഗരേഖയിലെ 2.17 വകുപ്പ് പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബസബ്സിഡി 30000രൂപയാണ്. ഇതിൽ താഴെ പറയുന്ന ഓരോ പാട്ട കർഷകർക്കും 30000 രൂപയിൽ കൂടുതൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരല്ലാത്ത താഴെ പറയുന്ന പാട്ട കർഷകർക്കാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

| പേര്/വിലാസം | നിലമൊരുക്കലിന് അനുവദിച്ച സബ്സിഡി | വിത്ത്,കുമ്മായം,വളം എന്നിവയുടെ സബ്സിഡി | ആകെ അനുവദിച്ച സബ്സിഡി |
|---|---|---|---|
| റോബർട്ട് കുര്യൻ<br>കോളേജ് വ്യൂ, പഴവങ്ങാടി, റാന്നി | 34000 | 33200 | 67200 |
| കുഞ്ഞുമോൻ<br>കുമ്പളപ്പള്ളി ഹൗസ്, കുമരംകരി പി.ഒ കുട്ടനാട് | 42500 | 41500 | 84000 |
| ഷൈനികുഞ്ഞുമോൻ<br>കുമ്പളപ്പള്ളി ഹൗസ്, കുമരംകരി പി.ഒ, കുട്ടനാട് | 34000 | 33200 | 67200 |
| ആലിസ്<br>കുമ്പളപ്പള്ളി ഹൗസ്, കുമരംകരി പി.ഒ, കുട്ടനാട് | 25500 | 25000 | 50400 |
| മേരി ചാക്കോ<br>കുമ്പളപ്പള്ളി ഹൗസ്, കുമരംകരി പി.ഒ,കുട്ടനാട് | 34000 | 33200 | 67200 |

പാട്ടകൃഷി കരാർ പരിശോധിച്ചതിൽ കുട്ടനാട് കുമരംകരി പി.ഒ യിൽ കുമ്പളപ്പള്ളി കുടുംബത്തിലെ അംഗങ്ങളായ കുഞ്ഞുമോൻ കെ.ജെ, ഭാര്യ ഷൈനി കുഞ്ഞുമോൻ, ആലീസ്, മേരിക്കുട്ടി ചാക്കോ എന്നിവർക്കായി മേൽ പറഞ്ഞ പ്രോജക്ടിൽ 268800 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 13-ാംസബ്സിഡി മാർഗ്ഗരേഖയിലെ 2.17 വകുപ്പ് പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ സബ്സിഡി പരിധി മറികടന്നാണ് മേൽ പറഞ്ഞ കുമ്പളപ്പള്ളി കുടുംബത്തിലെ അംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചത്. പാട്ട കൃഷിയ്ക്ക് ഉപയോഗിച്ച ഭൂമി സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ജൈവവളം, രാസവളം, കുമ്മായം എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുമ്പോൾ പരമാവധി സബ്സിഡി തുക പഞ്ചായത്ത് നിശ്ചയിക്കണമെന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്നത്. അതു പ്രകാരം പരമാവധി സബ്സിഡി തുക പഞ്ചായത്ത് നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

അപാകതകളിൻമേലുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(13/14.11.2018) നൽകിയ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 പച്ചക്കറിനേഴ്സറി-പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്ടിന്റെ പേര് | പച്ചക്കറിനേഴ്സറി |
| പ്രോജക്ടിന്റെ നമ്പർ | S0004/18 |
| വിഭാഗം | ജനറൽ |

| | |
|---|---|
| അടങ്കൽ | 60000 |
| ചെലവ് | 30000 |
| ബിൽ നമ്പർ<br>തീയതി<br>തുക | 14/17-18<br>23/3/2018,<br>30000 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പച്ചക്കറി നേഴ്സറി എന്ന പ്രോജക്ടിന്റെ ഭാഗമായി ഗ്രീൻ ഹൗസ് നിർമ്മിച്ചതിന് ശ്രീ അജിത്ത്(ചെറുപുഷ്പ വിലാസം, മുട്ടത്തുകോണം) എന്നയാൾക്ക് 30000രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 60ച.മി വിസ്തീർണമുള്ള ഗ്രീൻ ഹൗസാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 13-ാം പദ്ധതിമാർഗ്ഗരേഖ പ്രകാരം മാതൃകാ കൃഷിത്തോട്ടത്തിന്റെ ഭാഗമായി നേഴ്സറി സജ്ജീകരിക്കുന്നതിന് പരമാവധി 30000 രൂപയാണ് അനുവദിക്കാവുന്നതാണ്. മാത്രവുമല്ല, പോളി ഹൗസ്, മഴമറ, പ്രിസിഷൻ ഫാമിംഗ്, കണികാ ജലസേചനം, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷി രിതികൾ പ്രദർശിപ്പിക്കുന്ന തരത്തിലായിരിക്കണം ഇത് സജ്ജീകരിക്കേണ്ടതും. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിശോധിച്ച് ആനുപാതികമായി തദ്ദേശഭരണ സ്ഥാപനത്തിലെ കൃഷി ടെക്നിക്കൽ കമ്മറ്റി മാതൃകാ പ്രദർശന തോട്ടങ്ങൾക്കുള്ള സബ്സിഡി നിശ്ചയിക്കേണ്ടിയിരുന്നു. അപ്രകാരം തുക നിശ്ചയിച്ചതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല. മേൽവിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/14.11.8) കൃഷി ഓഫീസർ നൽകിയ മറുപടിയിൽ "പച്ചക്കറി തൈകൾ ഉത്പാദിപ്പിക്കുവാനുള്ള നേഴ്സറിയാണെന്നും ഗ്രീൻ ഹൗസ് അല്ല നിർമ്മിച്ചിട്ടുള്ളതെന്നും" വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നേഴ്സറിയുടെ പ്രവർത്തനം സംബന്ധിച്ച കൃഷി ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെയുള്ള യാതൊരു രേഖയും ഫയലിൽ ഇല്ല. നഴ്സറി സജ്ജീകരണത്തിന് സർക്കാർ മാനദണ്ഡമനുസരിച്ച് സബ്സിഡി അനുവദിക്കുന്നതിന് പകരം മഴമറ നിർമ്മാണത്തിന് അനുവദിക്കാവുന്ന സബ്സിഡി (കൃഷി വകുപ്പ് നിശ്ചയിച്ച 60 ച മീ ന് 500 രൂപ നിരക്കിൽ) 30000 രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നാണ് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. പോളി ഹൗസ് നിർമ്മിച്ചതല്ലാതെ ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ മാതൃകാ കൃഷിത്തോട്ടവും നേഴ്സറിയും സജ്ജീകരിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഭരണസമിതി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-5 മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ

ചെന്നീർക്കര ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട ആൾക്കാർ കൂടുതലുള്ള പഞ്ചായത്താണ്. പഞ്ചായത്ത് നിവാസികളായ നിരവധി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമാണ് പശുവളർത്തലും ആടുവളർത്തലും കോഴിവളർത്തലും. പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. നിരവധി പൗൾട്ടി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഭൂപ്രകൃതിയും കലാവസ്ഥയും മൃഗസംരക്ഷണ മേഖലയ്ക്ക് അനുയോജ്യമാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3ാം പട്ടിക പ്രകാരം മൃഗസംരക്ഷണമേഖലയുടെ വികസനവും പരിപാലനവും പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടുന്നതാണ്. ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷം 6 പദ്ധതികളാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് വിഭാവനം ചെയ്തത്. വെറ്ററനറി സർജനെ നിർവ്വഹണോദ്യോഗസ്ഥനാക്കിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത്. പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ടിന്റെ പേര് | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| കന്നുകുട്ടി പരിപാലനം | ജനറൽ | 1000000 | 87500 | 8.75% |
| ആടുവളർത്തൽ | ജനറൽ | 208000 | 208000 | 100% |
| മൃഗാശുപത്രി മരുന്ന് | ജനറൽ | 75000 | 75000 | 100% |
| ആടു വളർത്തൽ | എസ്.സി.പി | 448000 | 80000 | 17.8% |
| മുട്ടക്കോഴി വളർത്തൽ | എസ്.സി.പി | 466000 | 90000 | 19.31% |
| പോത്തുകുട്ടി | എസ്.സി.പി | 120000 | 60000 | 50% |
| ആകെ | | 2317000 | 600500 | 25.91% |

മൃഗ സംരക്ഷണമേഖലയിൽ വിഭാവനം ചെയ്യുന്ന പദ്ധതികളുടെ മുഖ്യ ലക്ഷ്യങ്ങൾ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതും മൃഗസംരക്ഷണമേഖല മുഖ്യതൊഴിലായോ ഉപതൊഴിലായോ കാണുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നതുമാണ്. എന്നാൽ മൃഗസംരക്ഷണമേഖലയിൽ വിഭാവനം ചെയ്ത പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല. പദ്ധതി അടങ്കലിന്റെ 25.91% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഇതിൽ തന്നെ പല പദ്ധതികളുടേയും ചെലവ് നാമമാത്രമാണ്. ഉദാഹരണം കന്നുകുട്ടി പരിപാലനം-8.75%, ആടുവളർത്തൽ (എസ്.സി.പി)-17.8%, മുട്ടക്കോഴി വളർത്തൽ (എസ്.സി.പി) – 19.31% വിഭാവനം ചെയ്യുന്ന പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ മൃഗസംരക്ഷണമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റേയോ മേൽനോട്ടം ഉണ്ടായില്ല എന്നതും പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-6 എഗ്രിമെന്റ് വച്ചിട്ടും നാളിതു വരെ മരാമത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

2017-18 വർഷം താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾക്കായി എഗ്രിമെന്റ് വച്ചിട്ടും നാളിതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, നം. | അടങ്കൽ തുക | എഗ്രിമെന്റ് നം./ തീയതി | കരാറുകാരൻ |
|---|---|---|---|---|
| 1 | 191/2018വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം | 55000(റോഡിതര മെയിന്റനൻസ് ഫണ്ട്) | 71/AE/LSGD /17-18, CHKA dt.14.03.2018 | സന്തോഷ് കുമാർ എം കെ (മേലേതിൽ, പ്രക്കാനം പി ഒ) |
| 2 | 200/17-18, കല്ലും കൂട്ടത്തിൽ പടി കരിമ്പ്കണ്ടത്തിൽപടി റോഡ് പുനരുദ്ധാരണം | 550000(റോഡ് മെയിന്റനൻസ് ഫണ്ട്) | 68/AE/LSGD /17-18, CHKA dt 27.02.2018 | ബിജു ദാനിയേൽ, അരീക്കത്തറയിൽ മുള്ളനിക്കാട്, ഓമല്ലൂർ |
| 3 | 126/17-18 അയത്തിൽ പുല്ലാമല റോഡ് റീടാറിംഗ് | 1,70,000 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 49/AE/LSGD /17-18, CHKA dt 24.10.2017 | സജി മാത്യു, കുളങ്ങര, പ്രക്കാനം |

പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (22/23.11.2018) നിലവിൽ ക്രമ നം 2 ലെ പ്രവൃത്തി നിലവിൽ നടപ്പാക്കി വരുന്നതായും 1,3 -ാം ക്രമ നമ്പരായ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ് വാങ്ങൽ-ക്വട്ടേഷനുകൾ സുതാര്യമല്ല

| | |
|---|---|
| പ്രോജക്ട് നം | 216/2017-18 |
| അടങ്കൽ | 50000( തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 49472 |
| ബിൽ നം/തീയതി | 1/16-17 |

പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം മത്സര സ്വഭാവമുള്ളതും സുതാര്യമായതുമായ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കേണ്ടിയിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ രണ്ട് സ്ഥാപനങ്ങളുടെയും ക്വട്ടേഷൻ തയ്യാറാക്കിയിട്ടുള്ളത് ഒരേ കൈപ്പടയിലാണ്. ടി ബോർഡിനും സോഫ്റ്റ് വെയറിനും ഒരു വർഷകാല ഓൺസൈറ്റ് വാറന്റി ഉറപ്പാക്കേണ്ടിയിരുന്നു. സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ സാക്ഷ്യപത്രങ്ങൾ ടെണ്ടറിനോടൊപ്പം വയ്ക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

മേൽ പറഞ്ഞ അപാകതകളിൻമേലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരേ കൈപ്പടയിലെ ക്വട്ടേഷനുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്ന മറുപടി തൃപ്തികരമല്ല. ക്വട്ടേഷൻ നടപടിക്രമങ്ങളിലെ അപാകതകൾ ആവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 25/2017-18 |
| അടങ്കൽ | 1032000( ധനകാര്യ കമ്മീഷൻ അവാർഡ്)+115250(വികസന ഫണ്ട്- ജനറൽ)) |
| ചെലവഴിച്ച തുക | 987485 |
| ബിൽ നം/തീയതി തുക | 67, 10.11.17 99960 |
| | 66, 10.11.17 306460 |
| | 59,20.10.17 557065 |
| | 92,30.11.2017 24000 |

സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടപ്പാക്കുന്നതിന് കുളനട, കൈപ്പട്ടൂർ, ഇലവുംതിട്ട, പത്തനംതിട്ട എന്നീ കെഎസ്ഇബി സെക്ഷനുകൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 24000 രൂപയുടെ detailed estimate മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി തുകകളുടെ detailed estimate ലഭ്യമാക്കാതെയും പഞ്ചായത്ത് കെ എസ് ഇ ബി സെക്ഷനുമായി കരാർ ചമയ്ക്കാതെയുമാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള എൻക്വയറിയുടെ മറുപടിയിൽ 2018-19 വർഷം സ്പിൽ ഓവറായി തുടരുന്ന പദ്ധതിയാണെന്നും വരും ഓഡിറ്റിൽ കരാർ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.
ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കണക്ക് സംബന്ധിച്ച് വാർഷിക കണക്കിലെ പിഴവ്

B-18 ഷെഡ്യൂൾ പ്രകാരം 31.03.2018 ൽ കെഎസ് ഇ ബിയിൽ 1873195 രൂപയും വാട്ടർ അതോറിറ്റിയിൽ 653445 രൂപയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥത്തിൽ അവശേഷിക്കുന്ന തുകകൾ യഥാക്രമം 1177363രൂപയും 160400 രൂപയും മാത്രമാണെന്നും വാർഷിക കണക്കിലെ പിഴവ് പരിഹരിക്കുന്നതാണെന്നും എൻക്വയറിക്കുള്ള (22/23.11.2018) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിക്കേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതും വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-9 വെള്ളക്കരം - തനത് ഫണ്ട് ചോർച്ച

2017-18 വർഷത്തിൽ 228 ടാപ്പുകൾക്കായി (പ്രതിവർഷ നിരക്ക് ടാപ്പൊന്നിന് 5250 രൂപ) 4/2017 മുതൽ 10/2017 വരെ പ്രതിമാസം 99750 രൂപയും 11/17മുതൽ 3/2018 വരെ 269 ടാപ്പുകൾക്കായി 117688 രൂപയും ഈടാക്കിയിട്ടുണ്ട്. വെള്ളക്കരം ഇനത്തിൽ തൻ വർഷത്തെ ആകെ ചെലവ് 1286690 രൂപയാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും അറിയച്ചതിനെ തുടർന്ന് 41 ടാപ്പുകൾക്ക് കൂടി 11/2017 മുതൽ വെള്ളക്കരം നൽകി വരുന്നു . എന്നാൽ നാളിതു വരെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം കണക്കാക്കി വെള്ളക്കരം നൽകുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തിനാൽ പ്രതിവർഷം പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും കൂടി ചേർത്ത് ഭീമമായ തുകയാണ് നൽകി വരുന്നത്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 80/2017/തസ്വഭവ തീയതി 30.04.2017 ഖണ്ഡിക 8.5കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 3-10 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരം

തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി ആശാവഹമല്ല. നികുതി/നികുതിയേതര വരവുകൾ, എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് തനത് വരുമാനം പര്യാപ്തമല്ല. തൻവർഷത്തെ നികുതി/നികുതിയിതര വരവ് 55.87 ലക്ഷം രൂപയും എസ്റ്റാബ്ലിഷ് മെന്റ്/അഡ്മിനിസ്ട്രേറ്റീവ്/ഓപ്പറേഷൻസ് & മെയിന്റനൻസ് ഇനങ്ങളിലുള്ള ചെലവ് 1.29 കോടി രൂപയുമാണ്.

ഗ്രാമപഞ്ചായത്തിന് തൻവർഷം പൊതു ആവശ്യ ഗ്രാന്റായി 7106000 രൂപ ലഭിക്കുകയുണ്ടായി. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.(Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 1.96ലക്ഷം രൂപയാണ്.

| വരവ് | രൂ. | ചെലവ് | രൂ. |
|---|---|---|---|
| നികുതി വരുമാനം | 4520974 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 9422582 |
| നികുതിയേതരം | 1066095 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 1112554 |
| ജനറൽ പർപ്പസ് ഫണ്ട് | 7106000 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2352565 |
| | | ബാങ്ക് ചാർജ്ജസ് | 957 |
| ആകെ | 12693069 | ആകെ | 12888658 |
| | | കമ്മി | 195589 |

ഗ്രാമപഞ്ചായത്തിന്റെ മോശം സാമ്പത്തിക സ്ഥിതി മൂലം വാർഷിക പദ്ധതികളിൽ വികസന/ക്ഷേമ പദ്ധതികൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവ് ചെയ്യുന്നതിന് സാധിക്കുന്നില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാവാത്തത് മൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു.

വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ചപ്പോൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. ഇത് വസ്തു നികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടാകുന്നതിന് കാരണമായി. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചുകൊണ്ട് വൈദ്യുത ചാർജ് ഗണ്യമായി കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചു. എന്നാൽ 1286690 രൂപയാണ് സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ 2017-18 വർഷം ഗ്രാമപഞ്ചായത്തിന് നൽകേണ്ടി വന്നത്. ഈ സാഹചര്യത്തിൽ, സാധ്യമായ എല്ലാ വരവുകളും പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി, സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്.

## 3-11 സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭിക്കാനുള്ളത് 1.68 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ 2 തുടർ വിദ്യാകേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സാക്ഷരത പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം, റ്റി.എ എന്നിവ നൽകണമെന്നും ഈ തുക സാക്ഷരതാ മിഷൻ തിരികെ നൽകണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. 2017-18 വർഷം മുതൽ സാക്ഷരത മിഷൻ നേരിട്ടാണ് ഓണറേറിയം നൽകുന്നത്. ഓണറേറിയം, റ്റി.എ ഇനങ്ങളിൽ മുൻ വർഷങ്ങളിൽ സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുകയിൽ 168433രൂപ സാക്ഷരതമിഷനിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. മാത്രമല്ല, മുൻ വർഷങ്ങളിൽ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കാതെ സാക്ഷരതാ അക്കൗണ്ടിൽ തന്നെ നിലനിർത്തിയിരിക്കുകയാണ്. ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 365807 രൂപ അടിയന്തിരമായി തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്. സാക്ഷരത മിഷനിൽ നിന്നും ലഭിക്കാനുള്ള തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ആസ്തി സംരക്ഷണത്തിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ സംരക്ഷണത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

i)വിലയ്ക്ക് വാങ്ങിയ വസ്തുക്കൾ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം ഒടുക്കിയില്ല

ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ സ്ഥലങ്ങൾ നാളിതുവരെ പേരിൽക്കൂട്ടി കരം ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആസ്തി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തു വക സ്ഥാവരവസ്തുവിന്റെ വിവരം | | | വില്ലേജിലെ രേഖകൾ പ്രകാരമുള്ള വസ്തുവിന്റെ വിവരം | | |
|---|---|---|---|---|---|---|
| | ഭൂമിയുടെ വിവരം | സർവ്വെ നമ്പർ | വിസ്തീർണ്ണം | റീസർവ്വേ നമ്പർ | വിസ്തീർണ്ണം (ആർ) | ഉടമസ്ഥാവകാശം |
| 1 | ഊന്നുകൽ പബ്ലിക് മാർക്കറ്റ് | 426/3 | 10 ആർ 12 ച. മീ. | 426/3 | 10.60 | ഏറത്ത് അരീക്കത്തറയിൽ ഗീവർഗ്ഗീസ് |
| 2 | പബ്ലിക് മാർക്കറ്റ്, പ്രക്കാനം | 423/9 | 13 ആർ 76 ച. മീ. | 423/9 | 13.65 | T 3436, കൊച്ചീപ്പൻ ജോർജ്ജ് |
| 3 | പ്രക്കാനം സാംസ്കാരിക നിലയം | - | 2 ആർ 43 ച. മീ. | 311/4, 1.60 ആർ | 1.60 | സർക്കാർ പുറംപോക്ക് |
| 4 | ശിശുമന്ദിരം | 50/3 | 10.12ആർ | 50/3, 12.05 ആർ | 12.05 | സർക്കാർ പുറംപോക്ക് |

ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ സ്ഥലങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ, ആധാരങ്ങളുടെ പകർപ്പ് എന്നിവ പരിശോധിച്ചതിൽ ഊന്നുകൽ പബ്ലിക് മാർക്കറ്റ് 1982-ൽ കൊച്ചു കോശി ജോർജിൽ നിന്നും 50000/- രൂപ നൽകി ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതാണ്. പ്രക്കാനം പബ്ലിക് മാർക്കറ്റ് നിൽക്കുന്ന സ്ഥലം 34000 രൂപയ്ക്ക് 24.06.82-ൽ ശ്രീമതി അന്നമ്മ ജോർജ്ജിൽ നിന്നും വാങ്ങിയതാണ്. പ്രക്കാനം സാംസ്കാരിക നിലയം സ്ഥിതി ചെയ്യുന്ന 4 സെന്റ് റവന്യൂ പുറംപോക്ക്, ശിശു മന്ദിരം സ്ഥിതി ചെയ്യുന്ന 30 സെന്റ് റവന്യൂ പുറംപോക്ക് എന്നിവ കോംപെൻസേഷൻ തുക നൽകി ഗ്രാമപഞ്ചായത്ത് വാങ്ങിയതാണ്. എന്നാൽ വസ്തുക്കൾ വാങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം ഒടുക്കിയിട്ടില്ല. മാർക്കറ്റുകൾ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആയതിനാൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ii) പഞ്ചായത്ത് കളിസ്ഥലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

ആസ്തി രജിസ്റ്റർ പ്രകാരം 26ആർ 72 ച.മീ. സ്ഥലം സ്റ്റേഡിയത്തിനുണ്ട്. എന്നാൽ സർവ്വേ നമ്പർ രേഖപ്പെടുത്താത്തതിനാൽ വില്ലേജിൽ നിന്നും ഇത് സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം കളിസ്ഥലത്തിനായി 66സെന്റ് സ്ഥലം 66000-രൂപയ്ക്ക് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വില്ലേജിൽ നിന്നും രേഖകൾ ലഭ്യമാകാത്തതിനാൽ ഈ സ്ഥലവും ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടിയിട്ടില്ല എന്ന് വ്യക്തമാണ്.

iii) പഞ്ചായത്തിന്റെ ആസ്തികളുടെ ഉടമകൾ സ്വകാര്യ വ്യക്തികൾ

ആസ്തി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പി.എച്ച്.സി സബ്സെന്റർ മാത്തൂർ(398/6, 2 ആർ സ്ഥലം), അങ്കണവാടി നമ്പർ 49(64/4, 2.2ആർ), അങ്കണവാടി നം-37(371/17, 2.2 ആർ) എന്നിവയും വില്ലേജ് രേഖകൾ പ്രകാരം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. ഈ വസ്തുക്കളുടെ ആധാരം ഉൾപ്പെടെയുള്ള രേഖകൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

iv)പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്

കൈമാറുകയോ നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള പുറംപോക്ക് വസ്തുക്കളുടെ വിവരം ഗ്രാമപഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

പുറംപോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ പുറംപോക്ക് വസ്തുക്കളുടെ വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ആസ്തി സംരക്ഷണത്തിൽ വീഴ്ചകൾ ഉണ്ടായതായി മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 16/5/18-ലെ സി-2 15471/18 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 മുൻകൂറായി 11.5 ലക്ഷം രൂപ നൽകിയെങ്കിലും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതിക്കു വേണ്ടി (പ്രോജക്ട് നം. 51/18) മരുന്നുകൾ, രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ, ഫാമിലി ഹെൽത്ത് സെന്ററിനാവശ്യമായ മരുന്നുകൾ(പ്രോജകട് നം. 35/18) എന്നിവ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 1153924രൂപ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തുക | ബിൽ നം/തീയതി | റിമാർക്ക്സ് |
|---|---|---|
| 249868 | 296763/22.2.18 | രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| 153051 | 2967688/26.3.18 | രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| 201005 | 5/18/15.12.17 | പാലിയേറ്റീവ് കെയർ പ്രോജക്ടിനാവശ്യമായ മരുന്നുകൾക്കായി 4ലക്ഷം രൂപ നൽകിയെങ്കിലും 198995 മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. |
| 200000 | 3/18/17.10.17 | എഫ്.എച്ച്.സി -ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് |
| 350000 | 7/18/29.01.18 | എഫ്.എച്ച്.സി -ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് |

അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന മികവും അടിസ്ഥാനമാക്കി പി.എച്ച്.സി-യെ ഫാമിലി ഹെൽത്ത് സെന്ററാക്കി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കാത്തത് പ്രവർത്തനത്തെ ബാധിക്കാം. അടിയന്തിരപരിചരണം ആവശ്യമുള്ള രോഗികൾക്കായുള്ള മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാത്തത് ഗൗരവതരമാണ്. കിഡ്നി രോഗികൾക്കാവശ്യമായ സെൽസെപ്റ്റ് പോലുള്ള ഗുളികകൾ ലഭിക്കുന്നില്ലെന്ന് പി.എം.സി മീറ്റിംഗിൽ വാർഡ് മെമ്പർമാർ പരാതിപ്പെട്ടിട്ടുണ്ട്. കിടപ്പ് രോഗികൾക്കാവശ്യമായ കമ്മോഡ് ചെയറുകളും നൽകാനില്ലെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പാലിയേറ്റിവ് പരിചരണ പദ്ധതിക്കായി **13** ലക്ഷം രൂപ വകയിരുത്തിയിട്ടും കിടപ്പ് രോഗികൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ജനറൽ കമ്മിറ്റിയോടും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോടും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ ശേഷിക്കുന്നത് 14.29 ലക്ഷം രൂപ

ഇ.എം.എസ്. ഭവനപദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ **14.29** ലക്ഷം രൂപ ഇപ്പോഴും നീക്കിയിരിപ്പുണ്ട്. വായ്പ തുക തിരിച്ചടച്ചതിന് ശേഷം അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ടും നാളിതുവരെ ലഭിച്ച പലിശ ഉൾപ്പടെയുമുള്ള തുകയാണിത്. ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി ലോൺ എടുത്തതും തദ്ദേശഭരണ സ്ഥാപനം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയതുമായ തുക ഉൾപ്പടെ അക്കൗണ്ടിൽ ശേഷിക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കണമെന്നും വായ്പ തുക തിരിച്ചടച്ച ശേഷവും തുക ശേഷിക്കുന്നുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പുതിയ ഭവന നിർമ്മാണ പദ്ധതിക്കായി ഉപയോഗിക്കാമെന്നും **12.11.14**-ലെ സ.ഉ(സാധാ.)2957/14 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ലൈഫ് പദ്ധതിക്കായി പോലും പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടില്ല. ഭവന രഹിതരായ നിരവധി ഗുണഭോക്താക്കൾ ലൈഫ് പദ്ധതിക്കായി

തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിലുണ്ട്. ഈ തുക അടിയന്തിരമായി ഭവന നിർമ്മാണ പദ്ധതിക്കായി ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ(എൽ.എസ്.ജി.ഡി) ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 ആശ്രയ പദ്ധതി-രണ്ടാം ഘട്ട പ്രവർത്തനം ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിലൊതുങ്ങി

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണത്തിലൊതുങ്ങി. ചലഞ്ച് ഫണ്ടിനത്തിൽ ലഭ്യമായ 328645 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 7 ലക്ഷം രൂപ നൽകിയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല. വകയിരുത്തിയ ഫണ്ട് നൽകുന്നതല്ലാതെ ഇക്കാര്യത്തിൽ കൃത്യമായ മോണിട്ടറിംഗ് ജനറൽ കമ്മിറ്റിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭാഗത്തു നിന്നുണ്ടായിട്ടില്ല.

ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാംപുകൾ നടത്തുന്നതിനായി 2 ലക്ഷം രൂപ 26.3.13 -ന് അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ 195500 രൂപ ലഭിച്ചതായാണ് മെഡിക്കൽ ഓഫീസർ ഓഡിറ്റിന് നൽകിയ റിപ്പോർട്ടിൽ കാണുന്നത്. ഈ തുക ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ആയതിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും 149143 രൂപ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. 8/13-ൽ ഈ അക്കൗണ്ടിൽ നിന്നും 73940 രൂപ പിൻവലിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മോണിട്ടറിംഗ് ഒന്നും തന്നെ നടന്നിട്ടില്ല. ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് കുടുംബശ്രീ ചാർജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും, നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ഓഡിറ്റ് തീയതി വരേയും പദ്ധതി സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി സമർപ്പിക്കേണ്ടതും അംഗീകാരം ലഭിച്ചതിനു ശേഷം സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-16 ODF പ്രോഗ്രാം- ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ച 17.40 ലക്ഷം രൂപ നാളിതുവരെ ഉപയോഗിച്ചില്ല

സംസ്ഥാനത്തെ പൂർണ്ണമായും ODF(Open defication free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ത്രിതല പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനും പിന്നീട് സർക്കാരിൽ നിന്നും ഫണ്ട് പഞ്ചായത്തുകൾക്ക് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിനും സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വതീയതി 27/08/16 പ്രകാരം അനുമതി നൽകിയിരുന്നു. . ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ശുചിത്വമിഷന് നൽകിയ 17,40,000 രൂപ തിരികെ ലഭിച്ചെങ്കിലും 2016-17, 2017-18 വർഷങ്ങളിലെ പദ്ധതിയിൽ വകയിരുത്തിയില്ല. പ്രസ്തുത തുക തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിനാൽ ജനറൽ/പ്രത്യേക ഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരമായി ലഭിച്ച ഫണ്ടുപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക, ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 127500 | നെൽകൃഷി വികസനം | 102000 | 25500 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | സാന്ത്വന പരിചരണ പരിപാടി | 299999 | 1 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | സാന്ത്വന പരിചരണ പരിപാടി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 110000 | സമ്പൂർണ്ണ വൈദ്യുതീകരണം - വീട് വയറിംഗ് | 110000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഖണ്ഡിക 3-8 കാണുക

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| *റിപ്പോർട്ട് വർഷം* | *ഭാഗം/ ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| 2008-09 | 2-2 | 255 | സാം കുട്ടി, തോട്ടത്തിൽ, ഊന്നുകൽ | 117050103633/ 26.12.2017 |
| | | 3468 | റെജി മാത്യു, ഇടയാടിയിൽ, ഉളനാട് | 117050103848/ 04.01.2018 |
| | | 225 | ലാലു ജോയി, താമരശ്ശേരിൽ, ചീക്കനാൽ | 117050103849/ 04.01.2018 |
| 2015-16 | 2-1 | 3865 | പ്രിൻസിപ്പൽ, സെന്റ് ഏലിയാസ് സ്കൂൾ, മാത്തൂർ | 117050101151/ 12.07.2017 |
| ആകെ | | 7813 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2013-14 | 3 | 2013-14 | 5.2.4(3) | ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം ഗവ. എൽ പി സ്കൂളിൽ പ്രീ പ്രൈമറി വിഭാഗത്തിന്റെ പ്രവർത്തനത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമായി കാട് പിടിച്ച് കിടക്കുന്നു. നിർമ്മാണത്തിലെ അപാകത മൂലം ഈ കെട്ടിടം ഉപയോഗിക്കാൻ കഴിയുന്നില്ല | കെട്ടിടം 25 വർഷത്തിലേറെ പഴക്കമുള്ളതാണ്. കേന്ദ്ര പദ്ധതിയായിരുന്ന ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ടി ഫണ്ടും പിറ്റിഎ ഫണ്ടും ചേർത്താണ് കെട്ടിട നിർമ്മാണം 1989-90 കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന്റെ ഫിറ്റ്നെസ്സ് ലഭ്യമാക്കുന്നതിന് എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല<br>1) മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കിയില്ല<br>2) അൺഎയ്ഡഡ് സ്കൂൾ, സ്വാശ്രയ സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല. | 1) ചെന്നീർക്കര ഗ്രാമപഞ്ചായതിന്റെ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി നിർണയിച്ചിട്ടുള്ളതും നികുതി ഒടുക്കു വരുത്താത്ത ടവറുകൾക്കെതിരെ 2017-18 വർഷം വരെയുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br>2) ജയ് മാതാ വിശ്വ വിദ്യാലയം ,ശാലോം പബ്ലിക്ക് സ്കൂൾ, പത്തനംതിട്ട പബ്ലിക്ക് സ്കൂൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്തിട്ടുണ്ട്.<br>സെന്റ് ജോൺസ് കോളേജിന്റെ വസ്തു നികുതി ഈടാക്കുന്നതിലേക്ക് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഒടുക്ക് വരുത്തേണ്ട വസ്തു നികുതിയുടെ 4 ഗഡുക്കൾ പത്തനംതിട്ട തഹസീൽദാരിൽ(ആർ.ആർ) നിന്നും ഈ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി ഈടാക്കിയില്ല- നഷ്ടം 5500<br>എ) 2014-15 ൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി | 2-3(എ) ടി പരാമർശത്തിലുൾപ്പെട്ട എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>ബി) ടിപരാമർശത്തിലുൾപ്പെട്ടമുട്ടത്ത് കോണം, മാത്തൂർ എന്നീ |

| | | | | | |
|---|---|---|---|---|---|
| | | | | ഈടാക്കുന്നതിൽ കുറവുണ്ടായതിലൂടെ 1800 രൂപ നഷ്ടം<br>ബി) പോസ്റ്റ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല<br>സി) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | പോസ്റ്റ് ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും നികുതി തിരിക ഈടാക്കിയിട്ടുണ്ട്. പ്രക്കാനം പോസ്റ്റോഫിസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപനമേധാവിക്ക് കത്ത് നൽകിയിട്ടുണ്ട്. ടി നികുതി ഒടുക്ക് വരുത്താത്ത പക്ഷം റവന്യൂ റിക്കവറികൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>ഊന്നുകൽ സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപനമേധാവിക്ക് കത്ത് നൽകിയിട്ടുണ്ട്. ടി നികുതി ഒടുക്ക് വരുത്താത്ത പക്ഷം റവന്യൂ റിക്കവറികൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2015-16 | 2-1 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി ഈടാക്കിയില്ല | 1. സെന്റ് ലിയാസ് സ്കൂൾ, മാത്തൂർ ലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.<br>2. മുളമൂട്ടിൽ ഫൈനാൻസ്, ഊന്നുകൽ, മുളമൂട്ടിൽ ഫൈനാൻസ്, മുറിപ്പാറ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് സ്ഥാപന മേധാവിക്ക് കത്ത് നൽകിയിട്ടുണ്ട്. ടി നികുതി ഒടുക്ക് വരുത്താത്ത പക്ഷം റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | ഗ്രാമപഞ്ചായതിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ടതായ എല്ലാ വ്യാപാര സ്ഥാപന ങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ വ്യക്തികളുടെ പേര്/ ഉദ്യോഗപ്പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് | ആർ. ആർ നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | നം/തീയതി) | | | | |
| ഇല്ല | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം] | 71799640 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62399701 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 402000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-3 | 402000 | ആൻസി എം.സലീം |
| ആകെ | 402000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആൻസി എം.സലീം,കൃഷി ഓഫീസർ | കൃഷി ഭവൻ, ചെന്നീർക്കര പി.ഒ | അമാനിയ, ഭാരതീപുരം പി ഒ, ഏരൂർ, കൊല്ലം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/227/04 തീയതി 05.08.2004 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/385/05 തീയതി 27.08.2005 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1147/07 തീയതി 30.06.2008/31.10.2008 | 6 |
| 2002-03 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1148/07 തീയതി 30.06.2008/31.10.2008 | 3 |

| | | |
|---|---|---|
| 2002-03 (ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി.3/144/07 തീയതി 23.08.2007/09.08.2007 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/17/07 തീയതി 10.07.2007/12.11.2007 | 12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/212/09 തീയതി 19.09.2009 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.11/213/09 തീയതി 19.09.2009 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 10 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.5/230/13 തീയതി 15.12.2014 | 11 |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.12/513/13 തീയതി 04/10/2014 | 12 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി 30.11.2013/07.06.2014 | 6 |
| 2012-13&2013-14 | എൽ.എഫ്.പി.റ്റി.എ.പി.5/972/14 തീയതി 20.01.2015 | 14 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609/2016 തീയതി 03.06.2016 | 19 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209/2016 തീയതി 05.11.2016 | 29 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി5/820/2017 തീയതി 22.07.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.KSAPTA.P5/1534/2018 Dated 13.12.2018

Certified that I have Audited the Annual Financial Statement of Chenneerkkara Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chenneerkkara Grama Panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G)

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി5/1534/2018 തീയതി 13.12.2018

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട